# മുഖവുര

ഇയ്യോബിന്റേയും സഭാപ്രസംഗിയുടേയും പുസ്തകങ്ങൾ എക്കാലത്തെയും സാഹിത്യകൃതികളിൽ മുൻപന്തിയിൽ നില്ക്കുന്നു. രും എബ്രായ പദ്യങ്ങളും, ജീവിതത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവയുമാണ്. ജീവിതത്തിന്റെ അർത്ഥവും കഷ്ടതകളുടെ ഉദ്ദേശവും അവ വ്യക്തമാക്കുന്നു.

എഴുതപ്പെട്ട നാടകീയ പദ്യങ്ങളിൽ മികച്ചതായിട്ടാണ് പണ്ഡിതന്മാർ ഇയ്യോബിന്റെ പുസ്തകത്തെ കണക്കാക്കുന്നത്. എബ്രായ കവിതകൾക്ക് പ്രത്യേക അളവോ അനുപ്രാസമോ ഇല്ല. അതിൽ വാക്കുകൾ ക്രമപ്പെടുത്തുന്നതിനു പകരം ആശയങ്ങളാണ് ക്രമപ്പെടുത്തിയിരുന്നത്. മൂന്നു തരത്തിലുള്ള സമാനതകളായിട്ടായിരുന്നു ആ ആശയക്രമീകരണം അവർ പ്രകടിപ്പിച്ചിരുന്നത്: പര്യായം, വിരോധാലങ്കാരം, സംശ്ലേഷണം എന്നിവയാണ്. (1) പര്യായസമാനതകളിൽ,ഒരു യുഗ്മരൂപം കൊടുത്ത് ഒന്നാമത്തേത് ആവർത്തിക്കുകയാണ് രാമത്തെ വരിയിൽ. 4:17-ൽ ആത്മാവ് അവനോട് സംസാരിക്കുന്നത് ഒരു ഉദാഹരണമായി എടുക്കാം. "മർത്യൻ ദൈവത്തിലും നീതിമാൻ ആകുമോ? നരൻ സൃഷ്ടാവിലും നിർമ്മലൻ ആകുമോ?" (2) സംശ്ലേഷണ സമാനതകളിൽ ഒന്നാമത്തെ വരിയുടെ നേരെ വിപരീതമായിരിക്കും രാമത്തെ വരിയിൽ. ഇതിന്റെ ഉദാഹരണം, ഇയ്യോബ് ദൈവത്തിനു നൽകുന്ന 42:5 ലെ മറുപടിയിൽ കാണാം. "ഞാൻ നിന്നെ കുറിച്ച് ഒരു കേൾ വി മാത്രമെ കേട്ടിരുന്നുള്ളു. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു." (3) സംശ്ലേഷണ സമാനതകളിൽ ആദ്യവരിയിലെ ആശയത്തെ രാമത്തെ വരിയിലും തുടർന്നുള്ള വരികളിലും വർദ്ധിപ്പിച്ച് വിപുലമാക്കുന്ന രീതിയാണ്. ഇതിനുള്ള ഉദാഹരണം ഏലിഫാസിന്റെ 4:19-21 ലെ സംഭാഷണത്തിൽ കാണാം.

"പൊടിയിൽനിന്നുത്ഭവിച്ചു മൺപുരകളിൽ പാർത്തു,
പുഴു പോലെ ചതഞ്ഞു പോകുന്നവരിൽ എത്ര അധികം!
ഉഷസിനും സന്ധ്യക്കും മദ്ധ്യേ അവർ തകർന്നുപോകുന്നു;
ആരും ഗണ്യമാക്കാതെ അവർ എന്നെന്നേക്കും നശിക്കുന്നു
ആവരുടെ കൂടാരക്കയറു അറ്റുപോയിട്ടു
അവർ ജ്ഞാനഹീനരായി മരിക്കുന്നില്ലയോ?
വിളിച്ചു നോക്കുക; ഉത്തരം പറയുന്നുവോ?"

ഇയ്യോബിലേയും സഭാപ്രസംഗിയിലേയും സന്ദേശം, നമ്മുടെ ഉദ്ദേശങ്ങൾക്ക് വളരെ പ്രാധാന്യമുള്ളതാണ്. നാം ഇന്ന് അഭിമുഖീകരിക്കുന്ന അതേ പ്രശ്നങ്ങൾ മൂവായിരം നാലായിരം വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന ആളുകൾക്കുായിരുന്നു എന്നത് അറിയുമ്പോൾ നാം അതിശയിച്ചുപോകും. നമ്മെ ദുഃഖിപ്പിച്ച പ്രശ്നങ്ങൾക്ക് നാം പരിഹാരം കത്തെുവാൻ ശ്രമിക്കുന്നതുപോലെ അവരും ശ്രമിച്ചിരുന്നു. അവർ പ്രശ്നപരിഹാരത്തിനു ദൈവസഹായം തേടിയിരുന്നതു പ്രത്യേകിച്ച് നമുക്ക് സഹായകരമാണ്. ദൈവത്തെ കൂടാതെയുള്ള പ്രശ്നപരിഹാരം വ്യർത്ഥമാണെന്ന് അവരുടെ അനുഭവം ഊന്നി പറയുന്നു.

മാനുഷ കഷ്ടത എന്ന പ്രശ്നത്തോട് ഇയ്യോബ് മൃഗയുദ്ധം നടത്തുന്നു. ജീവിതയാത്രയിൽ കഷ്ടതക്ക് എന്തു സ്ഥാനമാണുള്ളത്? കഷ്ടതയിൽന

ിന്ന് നമുക്ക് എന്തെങ്കിലും ഗുണം ഉാകുമോ? ചിലർ അനുഭവിക്കുന്ന കഷ്ടത കൂടുതലാണെന്ന് തോന്നുന്നതെന്തുകൊ്? ദുഷ്ടന്മാർ തഴെച്ചു വളരുമ്പോൾ, എന്തുകൊ് നല്ലവരായ ആളുകൾ കഷ്ടപ്പെടുന്നു എന്ന് ഇയ്യോബിനെപേ ാലെ ഉള്ളവർക്ക് മനസിലാക്കുവാൻ പ്രയാസമായിരുന്നു (യിരെമ്യാവ് ഇതേ ചോദ്യം യിരെമ്യാവ് 12:1-3 ൽ ചോദിക്കുന്നു്).

ജീവിതത്തിൽ എങ്ങനെ സന്തോഷം കത്തൊമെന്ന പ്രശ്നം നേരിട്ടവ നായിരുന്നു ശലോമോൻ. സമ്പൽസമൃദ്ധിയുള്ളവർക്ക് അവർ ആഗ്രഹിക്കു ന്നതുപോലെ സന്തോഷിക്കുവാൻ കഴിയുന്നില്ല എന്ന് ശലോമോൻ തന്റെ ജീവിതത്തിൽകൂടെയും എഴുത്തുകളിലൂടെയും ചിത്രീകരിച്ചു. ശലോമോന് ആരോഗ്യവും, ധനവും, ജ്ഞാനവും ഉായിരുന്നു; എങ്കിലും അവൻ ജീവിത ത്തിന്റെ അർത്ഥം ആരാഞ്ഞുകൊിരുന്നു.

ഇയ്യോബിന്റെ പുസ്തകത്തിലും സഭാപ്രസംഗിയുടെ പുസ്തകത്തിലും രസകരമായ ഒരു അന്തരം കാണാം. നല്ല മനുഷ്യനായ ഇയ്യോബിന്റെ ആരേ ാഗ്യവും സമ്പത്തും എടുത്തുകളഞ്ഞത് എന്തിനെന്ന് അവൻ അതിശയിച്ചു. ഒരു മനുഷ്യന് ആരോഗ്യവും സമ്പത്തും ഉായിരുന്നാൽ മാത്രം അവന് സന്തോഷമുാകണമെന്നില്ല എന്ന് സഭാപ്രസംഗിയുടെ പുസ്തകത്തിൽ ശലോ മോൻ ചിത്രീകരിച്ചിരിക്കുന്നു. ഒരാൾക്ക് ആരോഗ്യവും സമ്പത്തുമുായിരു ന്നു, അയാൾ ജീവിതത്തിന്റെ അർത്ഥം എന്തെന്ന് അറിയുവാൻ ആഗ്രഹിച്ചു. മറ്റെയാളുടെ ആരോഗ്യവും സമ്പത്തും എടുത്തുകളഞ്ഞതിന്റെ കാരണവും അറിയുവാൻ ആഗ്രഹിച്ചു.

ശലോമോന്റേയും ഇയ്യോബിന്റേയും സംഭവങ്ങളെടുത്താൽ അതിലെ ചില നാടകീയ വശങ്ങളിൽകൂടെ ആത്മ-ശോധന നടത്തിയാൽ മൊത്തത്തിൽ ജീവിതം എന്നാൽ എന്താണെന്ന് കത്തെുവാൻ കഴിയും. മരിക്കുമ്പോൾ എന്തു സംഭവിക്കും? നാം വീും ജീവിക്കുമോ? നമുക്ക് സംഭവിക്കുന്ന കാര്യങ്ങളിൽ ദൈവം വിചാരപ്പെടുന്നുാ? സമ്പൽസമൃദ്ധിയെ നാം എങ്ങനെ വീക്ഷിക്കണം? വേദനയുടെ ഉദ്ദേശം എന്താണ്?

ഒരു പ്രതിസന്ധി വരുമ്പോൾ, അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഇയ്യോബ് നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിലെ പലതും മുൻഗണനാ ക്രമം ഏർപ്പെടുത്തേത് അത്യാവശ്യമാണെന്നും ശരിയായ കാഴ്ച്ചപ്പാടുാകേണ മെന്നും ശലോമോന്റെ വാക്കുകൾ നമ്മെ പഠിപ്പിക്കുന്നു. എന്താണ് പ്രതിസന്ധി യുാക്കുന്നത് എന്നും എന്തല്ല എന്നും അവർ രുപേരും നമ്മെ പഠിപ്പിക്കുന്നു.